"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിഭാഗം - എയ്ഡഡ് - ഇടുക്കി നങ്കിസിറ്റി എസ്.എൻ ഹയർ സെക്കൻഡറി സ്കൂളിലെ അദ്ധ്യാപക ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയെ - നാമനിർദ്ദേശം ചെയ്തു - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ(എൽ)വകുപ്പ്**

സ.ഉ.(സാധാ) നം.7409/2025/GEDN തീയതി,തിരുവനന്തപുരം, 25-09-2025

---

പരാമർശം:-
1. സ.ഉ.(കൈ)നമ്പർ 123/2014/ പൊ.വി.വ തീയതി 04-07-2014
2. സ.ഉ.(കൈ)നമ്പർ 35/ 2016/ പൊ.വി.വ തീയതി 03-02-2016
3. സ.ഉ(കൈ)നമ്പർ 106/2017/ പൊ.വി.വ തിയതി 21/08/2017
4 സഉ.സാധാ)നമ്പർ 4048/2025/പൊ.വി.വ.തീയതി 20/06/ 2025
5 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ(ഹയർ സെക്കന്ററി വിഭാഗം)28-08-2025 -ലെ HSE/17864/2025-AcdC1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഇടുക്കി നങ്കിസിറ്റി എസ്.എൻ ഹയർ സെക്കൻഡറി സ്കൂളിൽ 31-03-2023 ൽ ഉണ്ടായിട്ടുള്ള HSST(ജൂനിയർ) സുവോളജി (ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നിയമനം), 31-05-2024 ൽ ഉണ്ടായിട്ടുള്ള HSST(ജൂനിയർ) ബോട്ടണി (നേരിട്ടുള്ള നിയമനം) അധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നതിനായുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയെ അനുവദിക്കുന്നതിനായി മാനേജർ സമർപ്പിച്ച പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം) പരാമർശം (5) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2)സർക്കാർ പ്രതിനിധിയായി മാനേജർ നിർദ്ദേശിച്ച ശ്രീ.സുനിൽകുമാർ.എസ് (ജോയിന്റ് സെക്രട്ടറി ടു ഗവൺമെൻറ് & സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കോമേഴ്സ്, തിരുവനന്തപുരം) പരാമർശം (4) പ്രകാരം അംഗീകരിച്ച പാനലിൽ (ക്രമനമ്പർ-57) ഉൾപ്പെട്ടിട്ടുണ്ട്. ടിയാന്റെ സമ്മതപത്രം, 2025-26 അധ്യയന വർഷത്തിൽ 5 സെലക്ഷൻ കമ്മിറ്റിയിൽ

കൂടുതൽ പങ്കെടുത്തിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ സമർപ്പിച്ചിട്ടുണ്ട്.

3)ചുവടെ പറയുന്ന ഒഴിവുകളിലേക്കാണ് സെലക്ഷൻ കമ്മിറ്റി മുഖേന നിയമനം നടത്തേണ്ടത്

| ക്രമ നം | സ്കൂൾ | തസ്തിക | ഒഴിവ് വന്ന വിധം, തീയതി | നിയമന രീതി |
|---|---|---|---|---|
| 1 | എസ്.എൻ. എച്ച്.എസ്സ്.എസ്സ് നങ്കിസിറ്റി | എച്ച്.എസ്സ്.എസ്സ്.ടി (ജൂനിയർ) സുവോളജി | ശ്രീമതി രമ്യ.ബി. 31.03.2023 ൽ വിരമിച്ചതുമൂലം 01.04.2023മുതൽ | നേരിട്ട് (ഭിന്നശേഷി) |
| 2 | എസ്.എൻ. എച്ച്.എസ്സ്.എസ്സ് നങ്കിസിറ്റി | എച്ച്.എസ്സ്.എസ്സ്.ടി (ജൂനിയർ) ബോട്ടണി | ശ്രീമതി ഉണ്ണുണിയമ്മ മാതൃ വിരമിച്ചതുമൂലം, 01-06-2024 മുതൽ | നേരിട്ട് |

**4)**എച്ച്.എസ്സ്.എസ്സ്.ടി(ജു) സുവോളജി ഭിന്നശേഷി സംവരണപ്രകാരം നിയമനം നടത്തുന്നതിനായി എറണാകുളം റീജ്യണൽ പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ളോയ്മെന്റ് ഓഫീസറിൽ നിന്നും കൈപ്പറ്റു രസീതു ഹാജരാക്കിയിട്ടുണ്ടെന്നും, ആയതു എംപ്ലോയ്മെന്റിൽ റിപ്പോർട്ടു ചെയ്തു സമന്വയ ഡാറ്റ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെന്നും HSA/UPSA/LPSA അധ്യാപകരുടെ അംഗീകൃത സീനിയോറിറ്റി ലിസ്റ്റ്, സർക്കാർ നോമിനി അപേക്ഷയുമായി ബന്ധപ്പെട്ടു മാനേജർ സമർപ്പിക്കേണ്ട പ്രഫോർമ, കൂടാതെ നിയമനം നടത്തേണ്ട തസ്തികകളുമായി ബന്ധപ്പെട്ടു കോടതിക്കേസുകളോ, മറ്റു പരാതികളോ ഇല്ലായെന്നുള്ള മാനേജരുടെ ഡിക്ളറേഷൻ, 25 ശതമാനം ബൈ ട്രാൻസ്ഫർ ക്വാട്ട പൂർത്തീകരണം സംബന്ധിച്ച ഡിക്ളറേഷൻ എന്നിവ സമർപ്പിച്ചിട്ടുണ്ടെന്നും പരാമർശം **(5)**പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ (എച്ച്.എസ്.ഇ വിഭാഗം) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.സുനിൽകുമാർ .എസ്സിന് അർഹമായ റ്റിഎ/ഡി.എ എന്നിവ ടി സ്കൂൾ മാനേജർ നൽകേണ്ടതാണെന്ന വ്യവസ്ഥയിൽ ഇടുക്കി നങ്കിസിറ്റി എസ്.എൻ ഹയർ സെക്കൻഡറി സ്കൂളിൽ **31-03-2023** ൽ ഉണ്ടായിട്ടുള്ള **HSST**(ജൂനിയർ) സുവോളജി (ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നിയമനം), **31-05-2024** ൽ ഉണ്ടായിട്ടുള്ള **HSST**(ജൂനിയർ) ബോട്ടണി (നേരിട്ടുള്ള നിയമനം) എന്നീ അധ്യാപക തസ്തികളിലേക്ക് നിയമനം നടത്തുന്നതിനുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി **ശ്രീ.സുനിൽകുമാർ.എസ്സിനെ (ജോയിന്റ് സെക്രട്ടറി ടു ഗവൺമെൻറ് & സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കോമേഴ്സ്, തിരുവനന്തപുരം)** **KER Chapter XXXII Rule (5)** കുറിപ്പിലെ

വ്യവസ്ഥകൾ പ്രകാരം നാമനിർദ്ദേശം ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) ടി സെലക്ഷൻ നടപടികൾ സർക്കാർ അനുവദിച്ച തസ്തികകളിലേക്ക് ഉള്ളതാണെന്നും കെ.ഇ.ആർ. അധ്യായം 32 ലെ വ്യവസ്ഥകൾ പ്രകാരമാണ് നടത്തുന്നതെന്നും സർക്കാർ പ്രതിനിധി ഉറപ്പാക്കേണ്ടതാണ്. കൂടാതെ ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ/കോടതി വിധിന്യായങ്ങൾ/സർക്കുലറുകളും എന്നിവയുടെ അടിസ്ഥാനത്തിലും ചട്ടപ്രകാരവുമാണ് ടി തെരഞ്ഞെടുപ്പ് നടത്തുന്നതെന്ന് സെലക്ഷൻ കമ്മിറ്റി ഉറപ്പാക്കേണ്ടതും നിയമന രിതിയെക്കുറിച്ചും ഇന്റർവ്യൂവിൽ പങ്കെടുത്തവരെക്കുറിച്ചുമുള്ള വിവരങ്ങളടങ്ങിയ ഒരു റിപ്പോർട്ട് ഇന്റർവ്യൂ കഴിഞ്ഞു 15 ദിവസത്തിനുള്ളിൽ സർക്കാർ പ്രതിനിധി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്‌ക്കർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം), തിരുവനന്തപുരം
മേഖലാ ഉപമേധാവി, ഹയർ സെക്കന്ററി വിഭാഗം, കോട്ടയം
ശ്രീ.സുനിൽകുമാർ.എസ് (ജോയിന്റ് സെക്രട്ടറി ടു ഗവൺമെന്റ് & സീനിയർ അഡ്മിനിസ്‌ട്രേറ്റീവ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കോമേഴ്‌സ്, തിരുവനന്തപുരം)
മാനേജർ, എസ്.എൻ.ഹയർ സെക്കൻഡറി സ്കൂൾ,നങ്കിസിറ്റി, കഞ്ഞിക്കുഴി,ഇടുക്കി
ഐ ആൻഡ് പി.ആർ(വെബ് ആൻഡ് ന്യൂ മീഡിയ)വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന് )
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 25-09-2025 17:00:45
സെക്ഷൻ ഓഫീസർ